# 9

# ദൈവത്തിന്റെ ക്ഷമ നശിക്കുമ്പോൾ

## (1 രാജാക്കന്മാർ 21)

ദൈവത്തിന്റെ സ്നേഹത്തേയും കരുണയേയും കുറിച്ചുള്ള പാഠങ്ങൾ നമുക്ക് ഇഷ്ടമാണ്, എന്നാൽ ദൈവത്തിന്റെ നീതിയേയും വിശുദ്ധിയേയും കുറിച്ച് പ്രസംഗിക്കാതെ അവന്റെ ആലോചന (പ്രവൃത്തികൾ 20:27) മുഴുവനാകുന്നില്ല – പാപത്തെ ദൈവത്തിനു സഹിക്കുവാനാകാത്ത അവസ്ഥയാണ്.

സദൃശവാക്യങ്ങൾ 29:1–ൽ നാം വായിക്കുന്നു, ‘‘കൂടെകൂടെ ശാസന കേട്ടിട്ടും ശാഠ്യം കാണിക്കുന്നവൻ നീക്കുപോക്കില്ലാതെ പെട്ടെന്നു നശിച്ചു പോകും.’’മാറുവാനുള്ള അവസരം പലപ്പോഴായി ഒരു വ്യക്തിക്ക് നൽകുന്ന, കരുണയെയാണ് വേദഭാഗത്തിൽ ആദ്യം കാണിക്കുന്നത്, എന്നാൽ ശാഠ്യത്താൽ ദൈവത്തിന്റെ പ്രബോധനത്തെ നിരസിക്കുകയാണ് ചെയ്തതു. അവസാനം, ദൈവത്തിന്റെ ക്ഷമ നശിക്കുന്നു. പിന്നെ ‘‘*പെട്ടെന്നു*’’ ശാസനയെ കൂട്ടാക്കാതിരുന്ന മനുഷ്യന്മാർക്ക് ‘‘നീക്കുപോക്കില്ലാത്ത നാശമാണ്’’! എന്തൊരു ഭയപ്പെടുത്തുന്ന പ്രസ്താവന.[1]

ബൈബിളിൽ മുഴുവൻ ഈ തത്വത്തെ ചിത്രീകരിക്കുന്നുണ്ട്. ഇരട്ട നഗരങ്ങളായിരുന്ന സോദോമിനും ഗൊമോറെക്കും മാറുവാൻ അവസരങ്ങൾ ധാരാളം ലഭിച്ചു, അത് നീതിമാനായ ലോത്ത് അവിടെ പ്രവേശിച്ചപ്പോഴായിരുന്നു; എന്നാൽ അവർ കൂടുതൽ കൂടുതൽ അധാർമികരായി തീർന്നു എന്നാണ് ഉൽപത്തി 19 പറയുന്നത്. ആ പട്ടണങ്ങളുടെ ശോച്യാവസ്ഥയും അധാർമികമായ അധപതനവും വർദ്ധിച്ചു വന്നിരുന്നു. അവസാനം ദൈവം പറഞ്ഞു, ‘‘ഇനി മതി!’’ പെട്ടെന്ന്, അവർ ‘‘നീക്കുപോക്കില്ലാതെ നശിച്ചു’’. ദൈവം ഭൂമിയുടെ മുഖത്തുനിന്നു അവരെ തുടച്ചു മാറ്റി.[2]

യിസ്രായേലും യഹൂദയും ദൈവത്തിന്റെ ക്ഷമയെ വർഷംതോറും പരീക്ഷിച്ചു കൊണ്ടിരുന്നു. പ്രവാചകന്മാരെ അയച്ചു അവരെ മടക്കിവരുത്തുവാൻ ശ്രമിച്ചു എങ്കിലും, ‘‘അവരോ ദൈവത്തിന്റെ ദൂതന്മാരെ പരിഹസിച്ചു അവന്റെ വാക്കുകളെ നിരസിച്ചു *ഉപശാന്തിയില്ലാതാകുംവണ്ണം* യഹോവയുടെ കോപം തന്റെ ജനത്തിന്നു നേരെ ഉജ്ജ്വലിക്കുവോളം അവന്റെ പ്രവാചകന്മാരെ നിന്ദിച്ചുകളഞ്ഞു’’ (2 ദിനവൃത്താന്തം 36:16; എംഫസിസ് മൈൻ). ദൈവം പറഞ്ഞു, ‘‘അതുമതി!’’ പെട്ടെന്നു അവർ നശിച്ചുപോയി – ആദ്യം യിസ്രായേൽ, പിന്നെ യഹൂദ.

ദാനിയേൽ 5 ലെ ബെൽശസ്സരിനെ ഓർക്കുക. അവനും തന്റെ അതിഥികളും മദ്യോൽസവം ആഘോഷിച്ചു, ദൈവാലയത്തിൽ നിന്നു എടുത്തു കൊണ്ടുവന്ന വിശുദ്ധ പാത്രങ്ങൾ മദ്യപാനത്തിനു ഉപയോഗിച്ചു, അപ്പോൾ ‘‘*തൽക്ഷണം* ഒരു മനുഷ്യന്റെ കൈവിരലുകൾ പുറപ്പെട്ടു … വിളക്കിന്നു നേരെ രാജധാനിയുടെ ചുവരിന്റെ വെള്ളമേൽ എഴുതി’’ (വാക്യം 5; എംഫസിസ് മൈൻ). ‘‘*മെനെ, മെനെ തെക്കേൽ, ഊഫർസീൻ* … ദൈവം നിന്റെ രാജ്യത്വം

എണ്ണി, കുറവുള്ളതായി കണ്ടു'' (വാക്യങ്ങൾ 25, 27). ''അതുമതി!'' എന്നാണ് ദൈവം പറഞ്ഞത്. അന്നു രാത്രി തന്നേ നഗരം വീഴുകയും, ബെൽശസ്സർ മരിക്കുകയും ചെയ്തു (വാക്യം 30). അവൻ, പെട്ടെന്ന് ''നീക്കുപോക്കില്ലാതെ നശിച്ചു''.

പുതിയ നിയമത്തിൽ നാം ഹെരോദ് അഗ്രിപ്പാവിന്റെ സംഭവം കാണുന്നു (പ്രവൃത്തികൾ 12). ഹെരോദാവ് ആളുകളുടെ മുമ്പിൽ നിന്നു, ഔപചാരിക പ്രസംഗം നടത്തുകയായിരുന്നു. ജോസെഫസ് പറഞ്ഞതനുസരിച്ച്, അവൻ ധരിച്ചിരുന്നത് വെള്ളി-വരയുള്ള വസ്ത്രമായിരുന്നു. പ്രഭാത സൂര്യ കിരണങ്ങളാൽ ഹെരോദാവ് മിന്നിത്തിളങ്ങിയിരുന്നു. ''ഒരു ദേവന്റെ ശബ്ദം ...!'' ജനങ്ങൾ ആർത്തു വിളിച്ചു (വാക്യം 22). ഹെരോദാവ് ആ സ്തുതി അംഗീകരിച്ചു, ദൈവം പറഞ്ഞു ''അതുമതി!'' പ്രവൃത്തികൾ 12:23 പറയുന്നു, ''അവൻ ദൈവത്തിനു മഹത്വം കൊടുക്കായ്കയാൽ കർത്താവിന്റെ ദൂതൻ *ഉടനെ* അവനെ അടിച്ചു, അവൻ കൃമിക്കിരയായി പ്രാണനെ വിട്ടു'' (എംഫസിസ് മൈൻ). ജോസെഫസ് പറഞ്ഞത്, ഹെരോദാവിന്റെ വയറ്റിൽ കഠിനമായ വേദന അനുഭവപ്പെട്ടു, അവനെ എടുത്തുകൊണ്ടുപോയി കിടക്കയിൽ കിടത്തി. അവിടെ അവൻ വേദനകൊണ്ട് പുളഞ്ഞ് അഞ്ചു ദിവസം കഴിഞ്ഞു മരിച്ചു എന്നാണ്. ബൈബിൾ പറയുന്നു, ''അവൻ കൃമിക്കിരയായി പ്രാണനെ വിട്ടു'' എന്നാണ് (വാക്യം 23). അവൻ ''ഉപശാന്തിയില്ലാതെ നശിച്ചുപോയി.''

മറ്റു ചിത്രീകരണങ്ങളും നൽകുവാൻ കഴിയും.[3] എങ്ങനെയായാലും, ഒരു ചിത്രീകരണവും ആഹാബിന്റേയും ഈസെബേലിന്റേയും ചിത്രീകരണം പോലെ ശക്തമായിരിക്കുകയില്ല. അവരുടെ ദുഷ്പ്രവൃത്തി വിട്ട് ദൈവത്തിലേക്ക് തിരിയുവാൻ ആഹാബിനും ഈസെബേലിനും ധാരാളം അവസരങ്ങൾ ലഭിച്ചുവെങ്കിലും, അവർ മടങ്ങി വന്നില്ല. അവരുടെ സ്വഭാവത്തെ തീർച്ചയായും ഒന്നു രാജാക്കന്മാർ 21-ൽ വെളിപ്പെടുത്തുന്നു. തിരുവെഴുത്തുകളിൽ വെച്ച് ഏറ്റവും നിന്ദ്യമായ പ്രവൃത്തികളാണ് നാം അവിടെ കാണുന്നത്. ''അതു മതി!'' എന്നു ദൈവം പറയുമ്പോൾ അവന്റെ ക്ഷമ നശിക്കുന്നതായാണ് നാം കാണുന്നത്.

## നാബോത്തിനെതിരായ പാപം
## (21:1-16)

അദ്ധ്യായം 21 തുടങ്ങുന്നു, ''അതിന്റെ ശേഷം സംഭവിച്ചത്,'' അതായത്, ഏലിയാവ് അപ്രത്യക്ഷനാകുകയും, ആഹാബ് സാധാരണ ജീവിതത്തിലേക്ക് മടങ്ങുകയും ചെയ്തശേഷം എന്നർത്ഥം. കർമ്മേൽ പർവ്വതത്തിൽനിന്നും ആഹാബ് മടങ്ങി വന്നതു തരംതാഴ്ന്നവനായിട്ടായിരുന്നു; പക്ഷെ ഈസെബേൽ ഏലിയാവിനെ ഭീഷണിപ്പെടുത്തിയപ്പോൾ, ഏലിയാവ് ഓടിപ്പോയി. അതിൽ പിന്നെ ആഹാബ് ഏലിയാവിനെ കുറിച്ചു ഒന്നും കേട്ടിരുന്നില്ല, അങ്ങനെയാണ് ആഹാബ് തന്റെ സാധാരണ ജീവിതത്തിലേക്ക് മടങ്ങിവന്നത്. അരാമ്യരുമായി രണ്ടു യുദ്ധം യിസ്രായേൽ നടത്തിയതും, നിർണ്ണായകമായ വിജയം ലഭിച്ചതും അദ്ധ്യായം 19-ൽ നാം വായിക്കുന്നു (അതിനുശേഷം, അരാമ്യ രാജാവിനെ വിട്ടയച്ചതിനു ആഹാബിനെ കുറ്റപ്പെടുത്തുകയുണ്ടായി).[4]

''അതിന്റെ ശേഷം സംഭവിച്ചത്, യിസ്രെയേല്യനായ നാബോത്തിനു യിസ്രേയേലിൽ ശമര്യരാജാവായ ആഹാബിന്റെ അരമനയുടെ അടുത്ത് ഒരു മുന്തിരിത്തോട്ടം ഉണ്ടായിരുന്നു'' (വാക്യം 1). ദൈവത്തിന്റെ ഉത്തമ പുരുഷന്മാരിൽ ഒരാളായിരുന്നു നാബോത്ത്. ആഹാബിന്റെ അരമനയുടെ അടുത്തായി

രുന്നു അവന്റെ മുന്തിരിത്തോട്ടം. യിസ്രായേലിന്റെ തലസ്ഥാനം ശമര്യയിലായിരുന്നു, അതു മൈലുകൾപ്പുറം തെക്കു മാറി സ്ഥിതി ചെയ്തിരുന്നു.[5] എന്നാൽ ആഹാബിന് യിസ്രെയേലിലും ഒരു മനോഹരമായ അരമനയുണ്ടായിരുന്നു. ആഹാബിന്റെ നിർമ്മാണ ശേഷിയെ കുറിച്ച് ദൈവശ്വാസിയവും ലൗകികവുമായ രേഖകൾ വ്യക്തമാക്കുന്നു (1 രാജാക്കന്മാർ 22:39). യിസ്രെയേലിലെ അവന്റെ അരമനക്കു ചുറ്റുമുള്ള സ്ഥലങ്ങൾ മനോഹരമാക്കി വെച്ചിരുന്നു എന്ന കാര്യത്തിൽ സംശയമില്ല. മൈലാഞ്ചിച്ചെടിയും, പുല്ലുചെത്തു യന്ത്രവും, മനോഹരമായ പുഷ്പങ്ങളും, എടുത്തു പറയാവുന്ന വൃക്ഷങ്ങളുമെല്ലാമുണ്ട്. എങ്ങനെയായാലും, ആഹാബിന് പച്ചക്കറികളും പഴവർഗ്ഗങ്ങളും വളർത്തുവാനുള്ള ഒരു ചെറിയ സ്ഥലം അവനില്ലായിരുന്നു. ഒരു ദിവസം അവൻ തന്റെ അരമനയുടെ ജനലിൽകൂടെ പുറത്തേക്കു നോക്കിയപ്പോൾ, നാബോത്തിന്റെ മുന്തിരിത്തോട്ടം കണ്ടു. ആഹാബിന് അതു വേണമെന്നു തോന്നി.

> ആഹാബ് നാബോത്തിനോട്, ‘‘നിന്റെ മുന്തിരിത്തോട്ടം എനിക്ക് ചീരത്തോട്ടം ആക്കുവാൻ തരേണം. അത് എന്റെ അരമനക്കു സമീപമല്ലൊ. അതിനുപകരം അതിനേക്കാൾ വിശേഷമായോരു മുന്തിരിത്തോട്ടം നിനക്കു തരാം; അല്ല, നിനക്ക് സമ്മതമാണെങ്കിൽ അതിന്റെ വില പണമായി നൽകാം എന്നു പറഞ്ഞു’’ (വാക്യം 2).

ആഹാബിന്റെ ആവശ്യം നാം ആദ്യം കേൾക്കുമ്പോൾ, യുക്തിപരമാണെന്ന് നമുക്ക് തോന്നിയേക്കാം, എന്നാൽ അതിൽ ദൈവേഷ്ട ലംഘനം ഉൾപ്പെട്ടിരിക്കുന്നു. യിസ്രായേൽ മക്കൾ വാഗ്ദാന ദേശത്ത് എത്തിയപ്പോൾ, ഭൂമി വിവിധ ഗോത്രങ്ങൾക്കായി ഭാഗിച്ചു കൊടുത്തു. ഭൂമി ആ കുടുംബങ്ങൾക്കുള്ളിൽ നിൽക്കണമായിരുന്നു (ലേവ്യാപുസ്തകം 25:24-34).[6]

‘‘ഞാൻ എന്റെ പിതാക്കന്മാരുടെ അവകാശം നിനക്കു തരുവാൻ സംഗതി വരുത്തരുതേ എന്നു പറഞ്ഞു’’ (വാക്യം 3). ആ ഭൂമി വിൽക്കാതിരിപ്പാൻ നാബോത്തിനു പല കാരണങ്ങൾ കാണും. ആ തോട്ടം, അവനു മനോഹരമായ ഒരു ഓർമ്മയാണ് എന്ന കാര്യത്തിൽ സംശയമില്ല. മുൻപ് അവന്റെ അപ്പനും ... അപ്പന്റെ അപ്പനും അവിടെ ജോലി ചെയ്തിരുന്നു. യുവാവായിരുന്ന നാബോത്ത് ആ തോട്ടത്തിന്റെ തണലിൽ കളിച്ചിരുന്നതും അതിൽനിന്നു മുന്തിരിങ്ങ പറിച്ചു തിന്നതും എനിക്ക് ഊഹിക്കാവുന്നതേയുള്ളു. ഇപ്പോൾ അവൻ സ്വന്ത മക്കളുമൊത്ത് അവിടെ ജോലി ചെയ്യുകയാണ്. ‘‘അത് ഉപേക്ഷിക്കുകയോ വിൽക്കുകയോ ചെയ്യരുത്!’’ എന്ന് *ദൈവം* പറഞ്ഞിരുന്നതുകൊണ്ടാണ് നാബോത്ത് വിൽക്കാതിരിക്കുന്നത്. നാബോത്ത് ദൈവത്തെ അനുസരിക്കുവാൻ തീരുമാനിച്ചിരുന്നു. ബാലിന്നു മുട്ടുകുത്താത്ത ഏഴായിരം പേരിൽ ഒരാളായിരുന്നു അവൻ (വാക്യം 3 നോക്കുക).

ആഹാബ് വീട്ടിൽ ചെന്നു, ‘‘വ്യസനവും നീരസവും’’ പൂണ്ടു:

> യിസ്രയേല്യനായ നാബാത്ത് ‘‘എന്റെ പിതാക്കന്മാരുടെ അവകാശം ഞാൻ നിനക്കു തരികയില്ല’’ എന്നു തന്നോടു പറഞ്ഞ വാക്ക് നിമിത്തം ആഹാബ് വ്യസനവും നീരസവും പൂണ്ട്, തന്റെ അരമനയിലേക്ക് ചെന്നു ഭക്ഷണം ഒന്നും കഴിക്കാതെ തന്റെ കിടക്കയിൽ മുഖം തിരിച്ചു കിടന്നു (വാക്യം 4).

കളിപ്പാട്ടം നിഷേധിച്ചതിനു മുഖം വീർപ്പിച്ചു കിടക്കുന്ന ഒരു കുട്ടിയെ പോലെയായി ആഹാബ്. അതു ഒരു പുരുഷന്റെ പ്രവൃത്തിയല്ല, പ്രത്യേകിച്ച് ഒരു രാജാവിനു ചേർന്ന പ്രവൃത്തിയല്ല. ആ രംഗം ഒന്നു സങ്കൽപിക്കുക: ആഹാബ് ഒരുപക്ഷെ താമസിച്ചിരുന്നത് ആനക്കൊമ്പുകൊണ്ടുള്ള രാജധാനിയിലായിരിക്കാം.[7] ആനക്കൊമ്പുകൊണ്ടുള്ള കട്ടിലിലായിരിക്കാം അവൻ കിടന്നിരുന്നത്.[8] ചുമരിലെല്ലാം ആനക്കൊമ്പ് പതിപ്പിച്ചിരിക്കാം.[9] അവനു ചുന്നും സമ്പത്തും ധനസമൃദ്ധിയുമായിരുന്നു. എങ്കിലും, അവൻ ആഗ്രഹിച്ച ഒരു തുണ്ടു ഭൂമി കിട്ടാതിരുന്നതാണ് അവനെ വ്യസനിപ്പിച്ചത്. പരുന്തിനു ചുന്നും ഇരകൾ കൂടി കിടന്നിട്ടും, കുരുവിയുടെ റൊട്ടിക്കഷണം കിട്ടാത്തതുപോലെയും, ചുണ്ടെലിയുടെ ചീസ് കിട്ടാത്തതുപോലെയും ആയിരുന്നു ആഹാബിന്റെ വ്യസനം.

ഈസെബേൽ നോക്കിയപ്പോൾ വിരുന്നുമേശയിൽ ആഹാബിനെ കണ്ടില്ല. ഒരുപക്ഷെ ഭക്ഷിക്കാതെ ബാക്കിവന്ന ഭക്ഷണം കുറെ അവൾ കൊടുത്തയച്ചിരിക്കാം. കുടുംബനാഥ എന്താണ് കുഴപ്പം എന്നറിയുവാൻ, അവന്റെ മുറിയിൽ ചെന്നു നോക്കി. അവൾ ആദ്യം അവന്റെ നെന്ദിയിൽ കൈവെച്ചു നോക്കിയിരിക്കാം. അവനു പനിയൊന്നുമില്ല. അവൾ ചോദിച്ചു, ''ഭക്ഷണം ഒന്നും കഴിക്കാതെ ഇത്ര വ്യസനിച്ചിരിക്കുന്നതെന്ത്?'' (വാക്യം 5). ചിനക്കൽ ശബ്ദത്തോടെ അവൻ പറഞ്ഞു:

> ''ഞാൻ യിസ്രായേല്യനായ നാബോത്തിനോട് 'നിന്റെ മുന്തിരിത്തോട്ടം എനിക്ക് വിലയ്ക്കു തരേണം, അല്ല നിനക്കു സമ്മതമെങ്കിൽ അതിനു പകരം വേറെ മുന്തിരിത്തോട്ടം ഞാൻ നിനക്കു തരാം' എന്നു പറഞ്ഞു. എന്നാൽ അവൻ, 'ഞാൻ എന്റെ മുന്തിരിത്തോട്ടം നിനക്കു തരികയില്ല എന്നു പറഞ്ഞതുകൊണ്ടത്രെ' '' (വാക്യം 6).

*ദൈവം* വിലക്കിയിരിക്കുന്ന കാര്യം നാബോത്ത് പറഞ്ഞത് ആഹാബ് പറഞ്ഞില്ല. അതിനെ കുറിച്ച് ആഹാബ് കാര്യമാക്കിയില്ല. തനിക്കു നേരിട്ട തടസത്തെ കുറിച്ചു മാത്രമെ അവൻ വിചാരിച്ചുള്ളു.

ഈസെബേൽ അവനെ ആശ്വസിപ്പിച്ചു: ''നീ ഇന്നു യിസ്രായേലിൽ രാജ്യഭാരം വഹിക്കുന്നുവോ?'' (വാക്യം 7). തീർച്ചയായും, ആഹാബല്ല യിസ്രായേലിനെ ഭരിച്ചത് – ഈസെബേലായിരുന്നു – പക്ഷെ അവൾ പറഞ്ഞത്, ''നിനക്ക് ആഗ്രഹമുള്ളതു നേടിയില്ലെങ്കിൽ, പിന്നെ രാജാവായി ഇരുന്നിട്ടെന്തു കാര്യം?'' പിന്നെ അവൾ പറഞ്ഞു: ''എഴുന്നേന്നു ഭക്ഷണം കഴിക്ക; നിന്റെ മനസ് തെളിയട്ടെ, യിസ്രെയേല്യനായ നാബോത്തിന്റെ തോട്ടം ഞാൻ നിനക്കു തരും'' (വാക്യം 7). ''നീ വിലയ്ക്ക് *വാങ്ങുവാൻ* പോയ തോട്ടം ഞാൻ നിനക്കു *തരും*; ഞാൻ അതു നിനക്കു തരും.''

ഇവിടെ ആധിപത്യം ചെലുത്തുന്ന ഭാര്യയെയും, പെൺകോന്തനായ ഒരു ഭർത്താവിനെയും നമുക്കു കാണാം. നായകന്മാരായി മുന്നിട്ടിറങ്ങുവാൻ ഭർത്താക്കന്മാരെ ഉത്തേജിപ്പിക്കുന്നവരാണ് ബുദ്ധിയുള്ള ഭാര്യമാർ. എങ്ങനെയായാലും, ഇവിടെ ഭർത്താവ് ഫലപ്രാപ്തിയില്ലാതായപ്പോൾ, ഭാര്യ അതിനെ മറികടക്കുകയാണ്. അവന്റെ പ്രശ്നം നേരിടുവാനും പരിഹരിക്കുവാനും പറയുന്നതിനു പകരം അവൾ പറഞ്ഞു, ''എന്റെ വഴിയിൽ നിന്നു മാറി നിൽക്കുക, ഞാൻ ചെയ്യാം''; അവൾ ചെയ്യുന്നതിൽ അവനു സന്തോഷവുമായിരുന്നു.

ഇപ്പോൾ നാം വന്നിരിക്കുന്നത്, മരവിച്ച മനസാക്ഷിയാൽ രക്തം – ചി

ന്തുന്ന കാലാനുക്രമചരിതത്തിലാണ്. ഏതെങ്കിലും ഒരു മാഫിയാ തലവനാണ് അങ്ങനെ ചെയ്യിക്കുന്നതെങ്കിൽ നാം അതിശയിക്കുകയില്ല, പക്ഷെ ദൈവജന ത്തെ ഭരിക്കുന്ന, ദൈവനാമത്താൽ അഭിഷിക്തനായ രാജാവാണ് ഇവിടെ എന്നോർക്കണം!

> അങ്ങനെ അവൾ [ഈസെബേൽ] ആഹാബിന്റെ പേർവെച്ച് എഴുത്ത് എഴുതി അവന്റെ മുദ്രകൊണ്ടു മുദ്രയിട്ടു; എഴുത്ത് നാബോത്തിന്റെ പട്ടണത്തിൽ പാർക്കുന്ന പ്രമാണിമാർക്കും പ്രധാനികൾക്കും അയച്ചു. എഴുത്തിൽ അവൾ എഴുതിയിരുന്നതെന്തെന്നാൽ, ''നിങ്ങൾ ഒരു ഉപ വാസം പ്രസിദ്ധമാക്കി നാബോത്തിനെ ജനത്തിന്റെ ഇടയിൽ ഇരുത്തു വിൻ'' (വാക്യങ്ങൾ 8, 9).

ആ പദ്ധതിയിൽ, ദൈവനിയമം ഒരു ഉപകരണമായി ഉപയോഗിച്ചു. ഇത്തരത്തിൽ യഹോവയുടെ നിയമത്തെ കോട്ടിമറിക്കുന്നതിൽ അവൾക്ക് എന്തു സുഖമാണ് ലഭിച്ചിരിക്കുക! ഒരു ഉപവാസം പ്രഖ്യാപിക്കുക എന്നതാ യിരുന്നു അവൾ ആദ്യം കോട്ടിമറിച്ച നിയമം. ദൈവകോപം ദൂരീകരിക്കുന്ന തിനു വേണ്ടിയുള്ളതായിരുന്നു ഉപവാസം (2 ശമുവേൽ 21:2; യോശുവ 9:11; ആവർത്തനപുസ്തകം 21:9).

എല്ലാ ആളുകളെയും ഉൾപ്പെടുത്തിയതായിരുന്നു രണ്ടാമത് കോട്ടിമറിച്ച നിയമം. എല്ലാ ജനത്തോടും ദൈവത്തിനു കോപം ജ്വലിക്കുമ്പോഴായിരുന്നു എല്ലാവരെയും കൂട്ടിവരുത്തിയിരുന്നത്. നഗരം കുറ്റത്താൽ മൂടപ്പെട്ടിരിക്കുന്നു എന്നു പ്രധാനികൾ നടിക്കണമായിരുന്നു, അത് അറിയപ്പെടാത്ത കുറ്റവാളിയെ മരണത്തിന് ഏൽപിക്കുന്നതിനായിരുന്നു. ആഖാന്റെ സംഭവത്തിലെ പൈ ശാചികമായ ഒരു ഹാസ്യാനുകരണം ഇവിടെ നമുക്ക് കാണാം (യോശുവ 7).

ജോസെഫസ് പറഞ്ഞതനുസരിച്ച് ആളുകൾ ബഹുമാനിച്ചവനായിരുന്നു നാബോത്ത്. അവനെ ''പ്രധാന സ്ഥാനത്തിരുത്തിയത്'' സൂചിപ്പിക്കുന്നത് ബഹുമാനമാണ്.

ഈസെബേലിന്റെ നിർദ്ദേശം തുടർന്നു, ''നീചന്മാരായ[10] രണ്ടാളുകളെ അവനെതിരെ നിർത്തി അവൻ ദൈവത്തെയും രാജാവിനെയും ദുഷിച്ചു എന്നു അവന്നു വിരോധമായി സാക്ഷ്യം പറയിപ്പിൻ; പിന്നെ നിങ്ങൾ അവനെ പുറത്തു കൊണ്ടുചെന്നു കല്ലെറിഞ്ഞു കൊല്ലേണം'' (വാക്യം 10). അവരുടെ ആ സൂത്രപദ്ധതിയിൽ യഹോവയുടെ മൂന്നു നിയമങ്ങൾ കൂടെ കോട്ടി മറിക്ക പ്പെട്ടു: (1) രണ്ടോ മൂന്നോ സാക്ഷികളുടെ വായ്മൊഴിയാൽ ഏതു കാര്യവും ഉറപ്പാകും (സംഖ്യാപുസ്തകം 35:30; ആവർത്തനപുസ്തകം 17:6; 19:15); (2) ദൈവദൂഷണ കുറ്റത്തിനും മരണശിക്ഷയായിരുന്നു (ദൈവത്തിന്റെ പ്ര തിനിധിയായ രാജാവിനെ ദുഷിക്കുന്നതും ദൈവത്തെ ദുഷിക്കുന്നതിനു തുല്യ മായിരുന്നു; ലേവ്യാപുസ്തകം 24:15 നോക്കുക); (3) ദൈവദൂഷണ കുറ്റത്തിനു കല്ലെറിഞ്ഞുകൊല്ലുക എന്ന നിയമത്തെയും കോട്ടിമറിച്ചു (ലേവ്യാപുസ്തകം 24:14–16). എന്തൊരു പൈശാചിക മനസായിരുന്നു ഈസെബേലിന്റേത്!

ദേശത്തിന്റെ ധാർമ്മികവും ആത്മികവുമായ അവസ്ഥ വാക്യം 11-ൽ കാണാം (കൂടാതെ ഈസെബേൽ വരുത്തിയ ഭീതിയും): ''അവന്റെ പട്ടണത്തിൽ പാർക്കുന്ന മൂപ്പന്മാരും പ്രധാനികളുമായ പൗരന്മാർ ഈസെ ബേൽ പറഞ്ഞയച്ചതുപോലെയും അവൾ എഴുത്തിൽ എഴുതിയിരുന്നതുപോ

ലെയും ചെയ്തു.''

അന്നു പ്രഭാതത്തിൽ എഴുന്നേറ്റ നാബോത്തിന്റെ സ്ഥിതി ഒന്ന് ഊഹിച്ചു നോക്കുക. അവൻ തന്റെ ഭാര്യയോടും മക്കളോടും കൂടെ പ്രഭാതഭക്ഷണം ആസ്വദിച്ചു. അപ്പോൾ പട്ടണം മുഴുവൻ ഒത്തുചേർന്നു ഉപവസിക്കുവാനുള്ള വാർത്ത വന്നു.

നിയമിക്കപ്പെട്ട സ്ഥലത്ത് നാബോത്ത് എത്തിയപ്പോൾ, അവന്റെ സ്ഥാനം പ്രധാനിയുടേതായിരുന്നു എന്നത് അവനെ അതിശയിപ്പിച്ചു. നടപടികൾ ആരംഭിച്ചു. ആളുകൾ ചോദിച്ചു, ''ദൈവത്തിന്റെ കോപം നമ്മിൽ വന്നതു എന്തുകൊണ്ടാണ്? എവിടെയാണ് പാപം കിടക്കുന്നത്''? നാബോത്തിനെ അതിശയിപ്പിച്ച് രണ്ടു നീചന്മാർ നിൽക്കുന്നു - സമൂഹത്തിൽ കുപ്രസിദ്ധി നേടിയവരായിരുന്ന അവർ നാബോത്തിന്റെ അടുക്കൽ വന്നു നിന്നു, അവരുടെ കൈകൾ നാബോത്തിന്റെ നേരെ തിരിഞ്ഞു, ''നാബോത്ത് ദൈവത്തെ ദുഷിച്ചു, നാബോത്ത് രാജാവിനെയും ദുഷിച്ചു!'' ''ഇത് നല്ല തമാശ, ഇത് ആരും വിശ്വസിക്കുകയില്ല'' എന്നാണ് നാബോത്ത് വിചാരിച്ചത്. അവൻ ചുറ്റും നോക്കിയപ്പോൾ കഠിന ഹൃദയരായ മൂപ്പന്മാരുടേയും പ്രധാനികളുടേയും മുഖമാണ് അവൻ കണ്ടത്. അവന്റെ സ്നേഹിതരും അയൽക്കാരും തിരിഞ്ഞുകളഞ്ഞു.

നാബോത്തിനെ പട്ടണത്തിനു പുറത്തേക്കു വലിച്ചിഴച്ചുകൊണ്ടുപോയപ്പോൾ, അവൻ വിചാരിച്ചത് ''ഈ നാടകം ഉടനെ അവസാനിക്കുമെന്നാണ്'' അവർ കല്ലെറിയുന്ന സ്ഥലത്തെത്തി. അവനോട് മുട്ടുകുത്തി നിൽക്കുവാൻ അവനെ നിർബ്ബന്ധിച്ചു. ആ രണ്ടു സാക്ഷികളും മുൻപോട്ട് ചെന്ന് വലിയ കല്ലുകൾ എടുത്തു; അവ നാബോത്തിന്റെ ദേഹത്തേക്ക് എറിഞ്ഞു. വേദന ആരംഭിച്ചു. കല്ലുകൾ മഴ പോലെ അവന്റെ ദേഹത്തും തലയിലും വീഴുവാൻ തുടങ്ങി. അവസാനം, അവന്റെ ശരീരം നുറുങ്ങുകയും, അസ്ഥികൂടം ചതഞ്ഞരയുകയും ബോധം പോകുകയും ചെയ്തു. കർത്താവിനു സമർപ്പിക്കപ്പെട്ടതിന്റെ ഫലമായി അവൻ അന്ത്യശ്വാസം വലിച്ചു മരിച്ചു രക്തസാക്ഷിയായി.

ഭീകരത അവസാനിച്ചില്ല. മനുഉള്ളവർ നാബോത്തിന്റെ തോട്ടം കൈവശമാക്കും. ആകയാൽ ആ ബന്ധങ്ങളെല്ലാം അറുത്തു കളയണം. 1 രാജാക്കന്മാർ 20-ൽ നാം കാണാത്ത ഭയങ്കര വിശദീകരണം പത്തു അദ്ധ്യായങ്ങൾ കഴിഞ്ഞ് 2 രാജാക്കന്മാർ 9:26-ൽ നാം വായിക്കുന്നു: അവർ നാബോത്തിന്റെ ആൺമക്കളെയും പിടിച്ചു കൊന്നുകളഞ്ഞു!

'' 'നാബോത്ത് കല്ലേറുകൊണ്ടു മരിച്ചു എന്നു അവർ ഈസെബേലിന്നു വർത്തമാനം പറഞ്ഞയച്ചു' '' (വാക്യം 14). അവൾ എഴുത്തിൽ ആഹാബിന്റെ പേർ എഴുതി അവൾ ഒപ്പിട്ടതിനാൽ അവൾ മനുഷ്യരെയും വിഡ്ഢികളാക്കിയില്ല. പട്ടണപ്രധാനികൾക്കറിയാമായിരുന്നു ആരാണ് എഴുത്ത് എഴുതിയത് എന്ന്. ആരാണ് ബോസ് എന്ന് അവർക്ക് അറിയാമായിരുന്നു; ശ്രദ്ധിക്കേണ്ടതു ആരെയാണെന്നും അവർക്ക് അറിയാമായിരുന്നു.

ഈസെബേൽ അവളുടെ മനോഹരമായ തോട്ടത്തിൽ നടക്കുന്നതോ അല്ലെങ്കിൽ തന്റെ സംഗീതമുറിയിലിരുന്നു സംഗീതം ആസ്വദിക്കുന്നതോ ആയ രംഗം മനസിലേക്ക് കൊണ്ടുവരിക. രാജാവിന്റെ വാദ്യമേളങ്ങളെല്ലാം കേൾക്കുകയാകാം. അപ്പോൾ വാർത്ത വന്നു: ''നാബോത്തിനെ, കല്ലെറിഞ്ഞു, കൊന്നു.'' ഒരു അമ്മ തന്റെ ഭർത്താവിന്റെ ശരീരത്തിനായി പോരാടുന്നതിനെ കുറിച്ച് ഈസെബേലിന് യാതൊരു മനസലിവുമില്ലായിരുന്നു. പകുതി-വിശന്ന നായ് ആഹാരത്തിനായി ഓടുമ്പോൾ രക്തം നക്കിക്കുടിക്കുവാൻ ശ്രമിക്കുന്ന

തോ,[11] അല്ലെങ്കിൽ നുറുങ്ങിപ്പോയ ശരീരകഷണങ്ങൾ പെറുക്കി യോജിപ്പിച്ച് വെള്ളം കൊണ്ടും, കണ്ണുനീർ കൊണ്ടും കഴുകി വൃത്തിയാക്കി അടക്കം ചെയ്യുന്നതിനെ കുറിച്ചോ യാതൊരു ദയവും അവൾക്കില്ലായിരുന്നു. ഈസെബേൽ വ്യസനിച്ചിരുന്ന ഭർത്താവിന്റെ അടുക്കലേക്ക് പുഞ്ചിരിച്ചുകൊണ്ടു ചെന്നു, കാരണം ഭൂനിയമമനുസരിച്ച്[12], രാജ്യദ്രോഹിയുടെ അവകാശം രാജാവിനുള്ളതായി മാറും.

> നാബോത്ത് കല്ലേറുകൊണ്ട് മരിച്ചു എന്നു ഈസെബേൽ കേട്ടപ്പോൾ അവൾ ആഹാബിനോട്: ''നീ എഴുന്നേറ്റു നിനക്കു വിലയ്ക്കു തരുവാൻ മനസില്ലാത്ത യിസ്രായേല്യനായ നാബോത്തിന്റെ മുന്തിരിത്തോട്ടം കൈവശമാക്കിക്കൊൾക. നാബോത്ത് ജീവനോടെയില്ല മരിച്ചുപോയി'' എന്നു പറഞ്ഞു (വാക്യം 15).

''ആഹാബേ, ഞാൻ ചെയ്യുമെന്നു പറഞ്ഞില്ലേ, ഇതാ - അതു ചെയ്തിരിക്കുന്നു,'' എന്നു ഈസെബേൽ പ്രശംസിക്കുകയായിരുന്നു.

അധികാരിക്ക് നീരസം മാറി ഇപ്പോൾ നവോന്മേഷമുണ്ടായി! ''നാബോത്ത് മരിച്ചു എന്നു കേട്ടപ്പോൾ നാബോത്ത് എഴുന്നേറ്റു യിസ്രെയേല്യനായ നാബോത്തിന്റെ മുന്തിരിത്തോട്ടം കൈവശമാക്കുവാൻ അവിടേക്ക് പോയി'' (വാക്യം 16). ആഹാബ് എഴുന്നേറ്റു പെട്ടെന്ന് ആഹാരം കഴിച്ച്, വസ്ത്രം മാറി, ഒരുപക്ഷെ ഒരു മൂളിപ്പാട്ടുമായിട്ടായിരിക്കാം, നാബോത്തിന്റെ തോട്ടത്തിലേക്ക് പോയി.

## ദൈവത്തിന്റെ ക്ഷമ നശിക്കുന്നു
## (21:17-24, 27-29; 22:38; 2 രാജാക്കന്മാർ 9:21-36)

അത് അങ്ങനെയായിരുന്നു. ദൈവത്തിന്റെ ക്ഷമ നശിച്ചു. ദൈവം പറഞ്ഞു, ''അതു മതി!'' വാക്യം 17-ൽ നാം വായിക്കുന്നു, ''എന്നാൽ തിശ്ബ്യനായ ഏലിയാവിന്നു യഹോവയുടെ അരുളപ്പാടുണ്ടായതെന്തെന്നാൽ'' ഇവിടെ നാം വീണ്ടും ''യഹോവയുടെ അരുളപ്പാട്'' കാണുന്നു. ഏലിയാവ് ദൗത്യത്തിലേക്കു മടങ്ങിവരുന്നു! ദൈവം ഏലിയാവിനോട് കൽപിച്ചു,

> ''നീ എഴുന്നേറ്റു ശമര്യയിലെ യിസ്രായേൽ രാജാവായ ആഹാബിനെ എതിരേൽപാൻ ചെല്ലുക അവൻ [അല്ലെങ്കിൽ അതു] ശമര്യയിലായിരുന്നു. 'ഇതാ അവൻ നാബോത്തിന്റെ മുന്തിരിത്തോട്ടം കൈവശമാക്കുവാൻ അവിടേക്ക് പോയിരിക്കുന്നു. നീ അവനോട്, ''നീ കുല ചെയ്കയും [അക്ഷരികമായി കൊന്നു] കൈവശമാക്കുകയും ചെയ്തുവോ?'' ' എന്നു 'യഹോവ ചോദിക്കുന്നു. ''നായ്ക്കൾ നാബോത്തിന്റെ രക്തം നക്കിയ സ്ഥലത്തു വെച്ച് തന്നെ നിന്റെ രക്തവും നക്കിക്കളയും എന്നു നീ അവനോട് പറക'' ' '' (വാക്യങ്ങൾ 18, 19).

ആഹാബ് തന്നോടുകൂടെ വന്നവരുമായി, തന്റേതായി മാറിയ തോട്ടത്തിൽ നടക്കുകയായിരുന്നു. അവൻ ഒരുപക്ഷെ തോട്ടത്തെ എങ്ങനെ കൂടുതൽ ഭംഗിയാക്കാമെന്ന് വിചാരിക്കുകയാകാം. ''ഞാൻ'ഇവിടെ ചീരയും ... അപ്പുറത്ത് ചോളവും ... അവിടെ തക്കാളിയും, സവോളയും ... പിന്നെ ക്വാളിഫ്ളവറും ... ക്വാളിഫ്ളവർ മറന്നേക്കുക.'' ആഹാബ് ശ്രദ്ധിച്ചു നോക്കിയിരുന്നെങ്കിൽ,

കാൽപാടുകൾ മണ്ണിൽ പതിഞ്ഞിരുന്ന - നാബോത്തിന്റെ വലിയ കാൽപാടുകളും, അവന്റെ ഭാര്യയുടെ ചെറിയ കാൽപാടുകളും, മക്കളുടെ അതിലും ചെറിയ കാൽപ്പാടുകളും കാണാമായിരുന്നു - എന്നാൽ ആഹാബ് അവ ഒന്നും കണ്ടില്ല. പിന്നെ അവൻ ഒരു കാലൊച്ച കേട്ടു. തിരിഞ്ഞുനോക്കിയപ്പോൾ, കണ്ടത് മുൻപ്രതിയോഗിയായിരുന്ന - അപ്പോഴും പരുപരുത്ത വേഷത്തിൽ, കണ്ണുകൾ തീ പോലെ തിളങ്ങി, ഏലിയാവ് നിൽക്കുന്നു. ആഹാബ് ചോദിച്ചു, ''എന്റെ ശത്രുവേ, നീ എന്നെ കണ്ടെത്തി*യോ?*'' (വാക്യം 20). ''നീ എന്നെ കണ്ടെത്തി*യോ?*'' മറുപടിയായി ഏലിയാവ് പറഞ്ഞു, ''അതെ ഞാൻ കണ്ടെത്തി. യഹോവക്ക് അനിഷ്ടമായുള്ളത് ചെയ്വാൻ നീ നിന്നെ വിറ്റുകളഞ്ഞതുകൊണ്ട്, ഞാൻ നിന്റെ മേൽ അനർത്ഥം വരുത്തും'' (വാക്യം 20).

തിന്മക്ക് തന്നെത്തന്നെ വിൽക്കുന്ന മനുഷ്യൻ വെറുതെ ഒന്നിനുമല്ലാതെ തന്നെ വിറ്റുകളയും. ആഖാൻ ധനികമായ ഒരു പുതപ്പിനും കുറെ സ്വർണ്ണത്തിനും വേണ്ടി വിറ്റു കളഞ്ഞ ആഖാൻ ഒന്നുമില്ലായ്മക്കു വേണ്ടി തന്നെ അവസാനിപ്പിച്ചുകളഞ്ഞു. മുപ്പതു വെള്ളിക്കാശിനുവേണ്ടി തന്നെ വിറ്റുകളഞ്ഞ യൂദാ ഒരു പ്രയോജനവുമില്ലാതെ തന്റെ ജീവനെ നഷ്ടമാക്കി. ഒരു തുണ്ടു ഭൂമിക്കു വേണ്ടിയായിരുന്നു ആഹാബ് തന്നെ വിറ്റു കളഞ്ഞത്, അതിനാൽ അവന്റെ ദിനങ്ങൾ എണ്ണപ്പെട്ടു.

''ഒന്നു നിൽക്കണേ, ആഹാബ് നാബോത്തിനെ കൊന്നില്ല; അവൻ അതിനു ആരേയും ഏർപ്പാട് ചെയ്തുമില്ല.'' എന്നു ചിലർ തടസം ഉന്നയിച്ചേക്കാം. അതു ശരിയാണ്. എന്നാൽ അവൻ ഇതെല്ലാം അറിഞ്ഞിരിക്കുവാനാണ് സാധ്യത. അവൻ അറിഞ്ഞില്ലെങ്കിൽ അറിയണമായിരുന്നു. ഒരു കാര്യം തീർച്ചയാണ്: തന്റെ ദുഷ്പ്രവൃത്തികളുടെ ഫലം സ്വീകരിപ്പാൻ അവൻ തയ്യാറായിരുന്നു. തന്റെ വീട്ടിൽ ഒരു കാര്യം തീരുമാനിച്ചാൽ അതിനു വീട്ടുടയവൻ ഉത്തരവാദിയാണ് എന്ന പോയിന്റ് ബൈബിളിലുടനീളം പറയുന്നുണ്ട്. ഭർത്താവും അപ്പനും ആകുക എന്നതു ഭയാനകമായ ഒരു ഉത്തരവാദിത്തമാണ്. ആ ദൗത്യം ഗൗരവമായി എടുക്കണം!

തുടർന്നു ഏലിയാവ് സംസാരിച്ച ശബ്ദം നാശത്തിന്റേതായിരുന്നു:

> ''അതുകൊണ്ട് ഞാൻ നിന്റെമേൽ അനർത്ഥം വരുത്തും. ഇവിടെ വാക്കുകൾ കൊണ്ട് പന്താടുകയാണ്,[നീ തിന്മക്ക് നിന്നെ വിറ്റു കളഞ്ഞതുകൊണ്ട്, ഞാൻ നിന്നേയും വിറ്റുകളയും] നിന്നെ അശേഷം നിർമ്മൂലമാക്കി യിസ്രായേലിൽ സ്വതന്ത്രനും അസ്വതന്ത്രനുമായ പുരുഷപ്രജയെ ഒക്കെയും ഞാൻ നിഗ്രഹിച്ചുകളയും. നീ എന്നെ കോപിപ്പിക്കയും യിസ്രായേലിനെ കൊണ്ട് പാപം ചെയ്യിക്കയും ചെയ്തതുകൊണ്ട് ഞാൻ നിന്റെ ഗൃഹത്തെ നെബാത്തിന്റെ മകനായ യൊരോബെയാമിന്റെ ഗൃഹത്തെ പോലെയും അഹിയാവിന്റെ മകനായ ബയെശയുടെ ഗൃഹത്തെ പോലെയും ആക്കും'' (വാക്യങ്ങൾ 21, 22).

പാപം നിമിത്തം ഉന്മൂലനാശം വരുത്തിയ രണ്ടു കുടുംബങ്ങളായിരുന്നു ഏലിയാവ് പറഞ്ഞ യൊരോബെയാമിന്റേതും ബയെശയുടേതും. ഏലിയാവ് തുടർന്നു:

> ''ഈസെബേലിനെ കുറിച്ച് ദൈവം അരുളിച്ചെയ്തത്, നായ്ക്കൾ

> ഈസെബേലിനെ യിസ്രായേലിന്റെ മതിലരികത്തു വെച്ചു നായ്ക്കൾ തിന്നുകളയും. ആഹാബിന്റെ സന്തതിയിൽ പട്ടണത്തിൽ വെച്ചു മരിക്കുന്നവനെ നായ്ക്കൾ തിന്നും, വയലിൽ വെച്ചു മരിക്കുന്നവനെ വയലിലെ പക്ഷികൾ തിന്നും'' (വാക്യങ്ങൾ 23, 24).

ഇതിനേക്കാൾ ഭയങ്കരമായ നാശത്തെ കുറിച്ചു മുന്നറിയിക്കുന്നത് ഊഹിക്കുവാൻ പ്രയാസമാണ്!

ഒരു വിശദീകരണം കൂടെ നമുക്ക് നോക്കേണ്ടതായിട്ടുണ്ട്: 2 രാജാക്കന്മാർ 9:25 അനുസരിച്ച്, ഏലിയാവ് ആഹാബിനെ കണ്ടുമുട്ടിയപ്പോൾ ചുരുങ്ങിയത് രണ്ടുപേരെങ്കിലും സന്നിഹിതരായിരുന്നു. ഒന്ന്, ആഹാബിന്റെ സൈന്യാധിപനും, ആഹാബിന്നു പകരം വരുവാൻ ദൈവം ആഗ്രഹിച്ചവനുമായിരുന്ന *യേഹു* (1 രാജാക്കന്മാർ 19:16 മുതൽ). ആ രംഗവും സന്ദേശവും യേഹുവിന്റെ ഉള്ളിൽ ആഴമായി പതിഞ്ഞിരിക്കുമെന്നതിൽ സംശയമില്ല.

വാക്യം 27-ൽ നാം എത്തുമ്പോൾ, അതിശയിപ്പിക്കുന്നതും അപ്രതീക്ഷിതവുമായതു ചിലതു നാം കാണുന്നു. ആഹാബ് ഭയപ്പെട്ടു. ''ആഹാബ് ആ വാക്കു കേട്ടപ്പോൾ വസ്ത്രം കീറി, തന്റെ ദേഹം പണ രട്ടുടുത്ത് ഉപവസിച്ചു. രട്ടിൽ തന്നെ കിടക്കുകയും സാവധാനത്തിൽ നടക്കുകയും ചെയ്തു.'' താൻ കൃപാസമ്പന്നനാണെന്നു ദൈവം ഒരിക്കൽകൂടെ തെളിയിച്ചു. ആഹാബിന്റെ ദുഃഖം കാണിക്കൽ നിമിത്തം അവന്റെ വധശിക്ഷ ഏതാനും വർഷത്തേക്ക് നീട്ടിവെക്കപ്പെട്ടു.

> അപ്പോൾ യഹോവയുടെ അരുളപ്പാട് തിശ്ബ്യനായ ഏലിയാവിന്നു ഉണ്ടായി. ''ആഹാബ് എന്റെ മുൻപാകെ തന്നെത്താൻ താഴ്ത്തിയതു കണ്ടുവോ? അവൻ എന്റെ മുൻപാകെ തന്നെത്താൻ താഴ്ത്തിയതുകൊണ്ട്, ഞാൻ അവന്റെ ജീവകാലത്ത് അനർത്ഥം വരുത്താതെ, അവന്റെ മകന്റെ കാലത്ത് അവന്റെ ഗൃഹത്തിന്നു അനർത്ഥം വരുത്തും എന്നു കൽപിച്ചു'' (വാക്യങ്ങൾ 28, 29).

ആ വാക്യങ്ങളിൽ രണ്ട് ശക്തമായ സന്ദേശം നാം കാണുന്നു. ഒന്ന്, ആഹാബിനെ പോലെ ഹൃദയം കഠിനപ്പെടുത്തിയ ഒരാളുടെ ഹൃദയത്തെ സ്പർശിക്കുവാൻ കഴിയും. ആഹാബിനെ പോലെയുള്ളവരോടും ദൈവം തന്റെ വാഗ്ദാനം പാലിക്കും എന്നതാണ് രണ്ടാമതായി കാണുന്നത്. ക്ലൈഡ് മില്ലർ താഴെ കൊടുത്തിരിക്കുന്ന നിരീക്ഷണം നടത്തി:

> യിസ്രായേലിലേയും യഹൂദയിലേയും ഏനുവും ദുഷ്ടരായ രാജാക്കന്മാർ തിരിഞ്ഞുവന്നപ്പോൾ അവരോട് മനസലിവു കാണിച്ചുവെങ്കിൽ, ''പാപികളിൽ ഒന്നാമനായവനെ'' രക്ഷിപ്പാനും ദൈവത്തിനു കഴിയും (1 തിമൊഥെയൊസ് 1:15), അനുതാപത്തോടെയും അനുസരണത്തോടെയും തന്റെ അടുക്കൽ വരുന്നവരെ രക്ഷിപ്പാനുള്ള ദൈവശക്തിക്കു പരിമിതിയില്ല (എബ്രായർ 5:7–9).[13]

അദ്ധ്യായം അവിടെ അവസാനിക്കുന്നു, എന്നാൽ സംഭവം അവസാനിക്കുന്നില്ല. ആഹാബിന്റേത് മാനസാന്തരം എന്നു വിളിക്കാമെങ്കിൽ, അതു

താൽക്കാ-ലികമായ മാനസാന്തരമായിരുന്നു. അവന് ഒന്നും സംഭവിച്ചില്ല. *മൂന്നു വർഷം* കടന്നുപോയി (1 രാജാക്കന്മാർ 22:1), അവന് ഒന്നും സംഭവിച്ചില്ല. ഒരു ബാധയും ആഹാബിനെ നേരിട്ടില്ല. സ്വർഗത്തിൽനിന്നു ഇടിമിന്നൽ ഉണ്ടായില്ല. ഭൂമി വായ് പിളർന്നു അവനെ വിഴുങ്ങിയില്ല. ആഹാബ് തന്റെ പഴയ ജീവിതത്തിലേക്ക് തിരിച്ചുപോയി.[14] ആഹാബ് ഭക്ഷണത്തിനിരുന്നപ്പോൾ, ''ആഹാബേ, ഞാൻ നിനക്ക് തന്ന തോട്ടത്തിൽനിന്നുള്ള കുറച്ചു കാരനും, ചീരയും മനും ഇടട്ടേ'' എന്ന് ഈസെബേൽ ചോദിക്കുന്നത് എനിക്കു ഊഹിക്കുവാൻ കഴിയും. ചിരിച്ചുകൊണ്ട് അവൾ പറഞ്ഞുകാണും, ''നാബോത്തിന്റെ രക്തം നായ്ക്കൾ നക്കിയ സ്ഥാനത്ത് നിന്റെ രക്തം നക്കും എന്ന് ആ പഴയ ഏലിയാവ് പറഞ്ഞ ശേഷം, നിങ്ങൾ നന്നായി കാണുന്നില്ലല്ലോ!'' എങ്ങനെയായാലും, ഏലിയാവിന്റെ ചെവിയിൽ ഒരു നായ് കുരക്കുന്ന ശബ്ദം മുഴങ്ങുന്നത് എനിക്ക് ഊഹിക്കാം.

അതോടുകൂടെ നാം അദ്ധ്യായം 22 ലേക്ക് പ്രവേശിക്കുന്നു. അരാമ്യരുമായി യുദ്ധമില്ലാതെ മൂന്നു വർഷം കടന്നുപോയി; ഇപ്പോൾ യുദ്ധം പുനരാരംഭിച്ചു. താൻ ചെയ്യുമെന്നു പറഞ്ഞതു ബെൻഹദദ് ചെയ്തില്ല; രാമോത്തിലെ ഗിലെയാദ് അപ്പോഴും അരാമ്യരുടെ കയ്യിലായിരുന്നു. ആഹാബ് യുദ്ധത്തിന് യെഹൂദാ രാജാവിന്റെ സഹായവും അഭ്യർത്ഥിച്ചു. യുദ്ധത്തിനു പോകരുതെന്ന് ഒരു പ്രവാചകൻ മുന്നറിയിച്ചു. ആഹാബ് പ്രവാചകനെ കേട്ടില്ല; എങ്കിലും അവനു അമിതമായ ഭയം ഉണ്ടായിരുന്നു. അവൻ വേഷപ്രഛന്നനായിട്ടാണ് യുദ്ധത്തിനു പോയത്. ആചാരമനുസരിച്ച് യുദ്ധോപകരണങ്ങളോടുകൂടി രാജകിയ വസ്ത്രം ധരിച്ചിരുന്നില്ല. അരാം രാജാവായ ബെൻഹദദ് ആഹാബിനെ തിരയുവാൻ മുപ്പത്തി-രണ്ട് രഥങ്ങളെ അയച്ചിരുന്നു, പക്ഷെ അവർക്ക് അവനെ കണ്ടെത്തുവാൻ കഴിഞ്ഞില്ല. പിന്നെ പേർ പറയാത്ത, ഉന്നമില്ലാത്ത ഒരു തേരാളി ഒരു വില്ല് കുലച്ച് വായുവിലേക്ക് എയ്തു, അത് ആഹാബിന്റെ ആയുധവർഗത്തിനിടയിലൂടെ നെഞ്ചിൽ തുളച്ചു കയറി. സ്പഷ്ടമായും അവന്റെ ധമനി പൊട്ടിപ്പോയി. ആഹാബ് രഥത്തിൽ മറിഞ്ഞുവീണു. അതുകൊണ്ട് ഒരുപക്ഷെ മുറിവേന്തു കണ്ടിരിക്കുകയില്ല; പക്ഷെ ആഹാബ് മരിക്കുന്നതുവരെ അവന്റെ ശരീരത്തിൽനിന്നു രക്തം രഥത്തിൽകൂടെ ഒഴുകിക്കൊണ്ടിരുന്നു. വാക്യം 38-ൽ നാം വായിക്കുന്നു, ''ശമര്യാ കുളത്തിനരികിൽ വെച്ച് രഥം കഴുകിയപ്പോൾ ... യഹോവ കൽപിച്ചിരുന്ന കൽപനപ്രകാരം നായ്ക്കൾ ആ രക്തം നക്കി.'' ദൈവത്തിന്റെ വാഗ്ദാനങ്ങളെല്ലാം തീർച്ചയുള്ളതാണ്.

ഇപ്പോഴും സംഭവം അവസാനിച്ചില്ല. *ഇരുപതു* വർഷം കടന്നുപോയി. ദൈവത്തിന്റെ വഴികൾ നമ്മുടെ വഴികളല്ല, നമ്മുടെ പദ്ധതികൾ ദൈവത്തിന്റെ പദ്ധതികളുമല്ല എന്നു നമ്മെ ഓർപ്പിച്ചിരുന്നു. ഈ ഇരുപതു വർഷത്തിനിടയിൽ ധാരാളം കാര്യങ്ങൾ സംഭവിച്ചിരുന്നു. ചുഴലിക്കാറ്റിൽ ഏലിയാവ് സ്വർഗത്തിലേക്ക് എടുക്കപ്പെട്ടു. ഏലിശാ തന്റെ വലിയ ശുശ്രൂഷ ആരംഭിച്ചു. ആഹാബിന്റെ മകൻ യൊരോബെയാം (അല്ലെങ്കിൽ യോരാം) സിംഹാസനാരൂഢനായി. അഭക്തയായ രാജ്ഞിയായിരുന്നു അമ്മ ഈസെബേൽ. എങ്ങനെയായാലും, ഒടുവിൽ, സംഭവം പര്യവസാനിക്കാറായി (2 രാജാക്കന്മാർ 9).

രാമോത്തിലെ ഗിലെയാദിൽ വെച്ച് യോരാം മുറിവേൽക്കപ്പെട്ടു. യേഹുവിനു സൈന്യത്തിന്റെ ചുമതല കൊടുത്തുകൊണ്ട് അവൻ യിസ്രെയേലിലേക്ക് മടങ്ങിപോയി. അടുത്ത രാജാവായി അഭിഷേകം ചെയ്യുവാൻ ഏലിശാ ഒരു പ്രവാചകനെ അയച്ചു.

തന്റെ സൈന്യത്തെ പിന്നിൽ വരുവാൻ പറഞ്ഞ്, യേഹു യിസ്രെയേലിലേക്ക് പുറപ്പെട്ടു. അവൻ ആറോ ഏഴോ മൈൽ അകലെയായപ്പോൾ മതിൽ കാവൽക്കാരൻ അവനെ കണ്ടു. ''തിരിഞ്ഞു എന്റെ പുറകിൽ വരിക'' എന്നു യേഹു അവനോട് പറഞ്ഞു (വാക്യം 19) അവൻ അങ്ങനെ ചെയ്തു. രണ്ടാമതു ഒരു സന്ദേശവാഹകനെയും അയച്ചു; അവനോടും തിരിഞ്ഞു പുറകിൽ നിൽക്കുവാൻ യേഹു ആവശ്യപ്പെട്ടു. അപ്പോഴേക്കും അവൻ പട്ടണത്തിനടുത്ത് എത്തിയിരുന്നു. കാവൽക്കാരൻ ഉടനെ വിവരം ധരിപ്പിച്ചു, ''അവനും അവരുടെ അടുക്കലോളം ചെന്നിട്ടു മടങ്ങിവരുന്നില്ല, ആ ഓടിക്കുന്നത് നിംശിയുടെ മകനായ യേഹു ഓടിക്കുന്നതുപോലെ ഇരിക്കുന്നു. ഭ്രാന്തനെ പോലെയല്ലോ അവൻ ഓടിച്ചു വരുന്നത്'' (വാക്യം 20).

യെഹോരാമും യെഹൂദാ രാജാവായ അഹസ്യാവും യേഹുവിനെ കാണുവാനായി പോയി. അവർ എവിടെ കണ്ടുമുട്ടി എന്നു ശ്രദ്ധിക്കുക: ''അവർ ... യിസ്രെയേല്യനായ നാബോത്തിന്റെ നിലത്തിങ്കൽ വെച്ച് അവനെ എതിരേന്നു'' (വാക്യം 21) - യിസ്രായേൽ രാജാവിന്റെ വസ്തുവിൽ വെച്ചല്ല, നാബോത്തിന്റെ നിലത്തിൽ വെച്ചാണ്. ദൈവനിയമമനുസരിച്ച് കൈമാറുവാൻ പാടില്ലാത്ത നാബോത്തിന്റെ നിലമായിരുന്നു അത്.

യേഹു യെരോഹാമിനെ കൊന്നു പട്ടണത്തിൽ പ്രവേശിച്ചു. സംഭവിച്ചത് ഈസെബേൽ കേട്ടിട്ട്, ''തന്റെ കണ്ണിൽ മഷിയെഴുതി തലയീരി മിനുക്കിക്കൊണ്ട്, കിളിവാതിൽക്കൽകൂടെ നോക്കി'' (വാക്യം 30).

> അവൻ പടിവാതിൽ കടന്നപ്പോൾ, ''യജമാനനെ കൊന്നവനായ സിമ്രിക്കു സമാധാനമോ?'' [അവൾ അവനെ ''സിമ്രി എന്നു വിളിച്ചു,'' കാരണം സിമ്രി സിംഹാസനത്തിലേക്ക് വന്നത് കൊന്നൊടുക്കിക്കൊണ്ടായിരുന്നു].എന്നാറെ രണ്ടുമുന്നു ദാസന്മാർ പുറത്തേക്ക് നോക്കി. അവൻ തന്റെ മുഖം കിളിവാതിൽക്കലേക്ക് ഉയർത്തി ആരുള്ളു എന്റെ പക്ഷത്ത്? ആരുള്ളു എന്നു ചോദിച്ചു. എന്നാറെ രണ്ടുമൂന്നു ഷണ്ഡന്മാർ പുറത്തേക്ക് നോക്കി. ''അവളെ തള്ളി താഴെയിടുവിൻ'' എന്നു അവൻ കൽപിച്ചു. ഉടനെ അവർ അവളെ തള്ളി താഴെയിട്ടു; അവളുടെ രക്തം ചുവരിന്മേലും കുതിരകളിന്മേലും തെറിച്ചു. അവൻ അവളെ ചവിട്ടിക്കളഞ്ഞു. അവൻ ചെന്നു ഭക്ഷിച്ചു പാനം ചെയ്തശേഷം, ആ ശപിക്കപ്പെട്ടവളെ നോക്കി ''അടക്കം ചെയ്വിൻ, അവൾ രാജകുമാരിയല്ലോ'' എന്നു പറഞ്ഞു. അവർ അവളെ അടക്കം ചെയ്യുവാൻ ചെന്നാറെ, അവളുടെ തലമണ്ടയും, കാലുകളും കൈപ്പത്തികളും അല്ലാതെ മറ്റൊന്നും കണ്ടില്ല. അവർ മടങ്ങി വന്നു അവനോട് അത് അറിയിച്ചു. അപ്പോൾ അവൻ, ''യിസ്രെയേൽ പ്രദേശത്തു വെച്ചു നായ്ക്കൾ ഈസെബേലിന്റെ മാംസം തിന്നുകളയും. അതു 'ഈസെബേൽ എന്നു പറവാൻ കഴിയാത്തവണ്ണം ആകും എന്നു യഹോവ ഏലിയാവ് മുഖാന്തരം അരുളിച്ചെയ്തതു നിവർത്തിയായി' '' (വാക്യങ്ങൾ 31-36).

''ഇതുപോലെയുള്ള സംഭവങ്ങൾ എന്തിനാണ് ബൈബിളിൽ പറഞ്ഞിരിക്കുന്നത്? അതു അറപ്പുളവാക്കുന്നതല്ലേ! അതു നല്ല കാഴ്ച്ചയല്ലല്ലൊ. അതെ പാപത്തിന്റെ അനന്തരഫലം നല്ല കാഴ്ച്ചയായിരിക്കയില്ല!'' പാപം എന്താണെന്ന് അറിയുവാൻ ആഹാബിന്റെ ആനക്കൊമ്പുകൊണ്ടുള്ള രാജധാനിയിലല്ല നോ

ക്കേണ്ടത്, പിന്നെയോ നായ്ക്കൾ രക്തം നക്കി കുടിക്കുന്നതാണ് നോക്കേണ്ടത്. ഈസെബേലിന്റെ ആഭരണങ്ങളിലും മിന്നുന്ന വസ്ത്രങ്ങളിലുമല്ല നോക്കേണ്ടത്, പിന്നെയോ നായ്ക്കൾ രക്തം കുടിക്കുന്നതാണ് നോക്കേണ്ടത്. മദ്യാസക്തരാകുവാനുള്ള പരസ്യമല്ല, പിന്നെയോ ഹൈവേകളിൽ ചിതറിപ്പോയ കൗമാര - പ്രായക്കാരുടെ ശരീരങ്ങളെയാണ് നോക്കേണ്ടത്. ലൈംഗിക അധാർമ്മികതയെ അല്ല, എയിഡ്സ് ബാധിച്ചവരെയാണ് നോക്കേണ്ടത്.

**ഉപസംഹാരം**

ആഹാബിന്റേയും ഈസെബേലിന്റേയും സംഭവം ദുഃഖം ജനിപ്പിക്കുന്നതാണ്. എന്നാൽ ദൈവം അതിൽ നമുക്കായി ചില പാഠങ്ങളും പഠിക്കേണ്ടതിനായി വെച്ചിട്ടുണ്ട്.

ഒന്നാമത്, ദൈവത്തിന്റെ ക്ഷമക്ക് ഒരവസാനം ഉണ്ട് - അത് എപ്പോഴാണെന്ന് ആർക്കും അറിയില്ല. ദൈവത്തിന്റെ സ്നേഹത്തോടും കരുണയോടും കൂടിയ ആലോചന നിരസിക്കുന്നതിനേക്കാൾ അപകടകരമായ മറ്റൊന്നില്ല. നമ്മുടെ കഴിഞ്ഞ പാഠത്തിൽ നാം വിവരിച്ചതുപോലെ, ''ഇനി തിരിച്ചു പോകുന്നില്ല'' എന്നു പറയുന്നതിലേക്ക് ഒരാളെ എത്തിക്കുന്നത് എപ്പോഴാണെന്ന് എനിക്ക് അറിയില്ല. എങ്ങനെയായാലും, ചില ആളുകൾ ആ ഒരു പോയിന്റിൽ എത്തുവാൻ സാധ്യതയുണ്ട് - ചിലർ, ആ സാഹചര്യം കഴിഞ്ഞുപോയിരിക്കുവാനും സാധ്യതയുണ്ട്.

രണ്ടാമത്, ദൈവത്തിന്റെ വാഗ്ദാനങ്ങളെല്ലാം തീർച്ചയുള്ളതാണ് - അവരെ പിന്നെ ആർക്കും മാറ്റുവാൻ കഴിയുകയില്ല. ദൈവം ഒരു കാര്യം പറഞ്ഞാൽ, അതു അങ്ങനെ തന്നെയാണ്. ''തീർച്ചയായും, അത് അങ്ങനെ ആയിരിക്കയില്ല,'' എന്നു നാം വിചാരിച്ചേക്കാം. പക്ഷെ ദൈവം ആണു പറഞ്ഞതെങ്കിൽ, നിങ്ങൾക്ക് അത് ഉറപ്പിക്കാം. ''ഞാൻ ആഹാബിനേയും ഈസെബേലിനേയും പോലെ അത്ര മോശമല്ല,'' എന്നു ചിലർ വാദിച്ചേക്കാം. അതല്ല പ്രശ്നം. നിങ്ങൾ ഒരു പാപിയാണ് (റോമർ 3:23). പാപികളോടുള്ള ദൈവത്തിന്റെ വാഗ്ദാനവും വ്യക്തമാണ്: ''പാപത്തിന്റെ ശമ്പളം മരണമത്രെ'' (റോമർ 6:23). അതു വിശ്വസിച്ച്, കരുണക്കായി കർത്താവിന്റെ അടുക്കലേക്ക് ഓടുക!

മൂന്നാമത്, ദൈവത്തിന്റെ പ്രഖ്യാപനങ്ങളിലെല്ലാം എപ്പോഴും കരുണ ഉൾപ്പെട്ടിരിക്കുന്നതിനാൽ, ഒരു മനുഷ്യനും അത് നിരസിക്കരുത്. ദൈവത്തിന്റെ വാഗ്ദാനങ്ങളായ അനുഗ്രഹങ്ങളായാലും, ശാപമായാലും, അതെല്ലാം നിബന്ധനകളോടുകൂടിയതാണ്, അതു പറഞ്ഞാലും അന്തർലീനമാക്കിയാലും ശരിയാണ്. ആഹാബിന് *എളിമപ്പെട്ടതിനാൽ*, ദൈവം തന്റെ ക്രോധം അവൻ മൂന്നു വർഷത്തേക്ക് മാറ്റി വെച്ചു. ആഹാബിന്റെ ഭാഗത്തുനിന്നും വാസ്തവത്തിലുള്ളതും നിലനിൽക്കുന്നതുമായ മാനസാന്തരം ഉണ്ടായെങ്കിൽ, ദൈവകോപത്തിൽനിന്നു അവനു എന്നേക്കുമായി മോചിക്കപ്പെടാമായിരുന്നു. ദൈവകരുണ അപേക്ഷിച്ച് ദൈവത്തിന്റെ അനുഗ്രഹങ്ങൾ പ്രാപിക്കുവാൻ ശ്രമിക്കുക.

നിങ്ങളുടെ ജീവിതത്തിൽ ദൈവത്തിന്റെ ക്ഷമ നശിച്ചുപോകുവാൻ അനുവദിക്കരുത്!

*ലേഖകന്റെ കുറിപ്പ്: ആർ. ജി. ലീ "ഒരിക്കൽ ശമ്പള ദിവസം വരും" എന്ന വിഷയം, ആഹാബിന്റേയും ഈസെബേലിന്റേയും ജീവിതത്തെ ആധാരമാക്കി പ്രസംഗിച്ചു. ഈ പാഠത്തിൽ ഞാൻ ഉപയോഗിച്ച ചില ചിത്രങ്ങൾക്ക് അദ്ദേ*

*ഹത്തോട് കടപ്പെട്ടിരിക്കുന്നു.*

---

കുറിപ്പുകൾ

[1]അതേ തത്വവും ''ഉടനെ'' എന്ന വാക്കും കാണുന്ന മറ്റൊരു വേദഭാഗമാണ് സദൃശവാക്യങ്ങൾ 6. ''ഒരു ദുഷ്ടമനുഷ്യന്റെ സ്വഭാവത്തെ'' കുറിച്ച് വാക്യം 12 ലും അടുത്ത വാക്യങ്ങളിലും കാണുന്നു; പിന്നെ വാക്യം 15 അവന്റെ വിധിയെയും കുറിച്ചു പറയുന്നു: ''ആകയാൽ അവന്റെ നാശം *പെട്ടെന്നു* വരും; സൗഖ്യമാകാത്ത വിധത്തിൽ അവൻ *ഉടനെ* തകർന്നു പോകയും ചെയ്യും'' (എംഫസിസ് മൈൻ). [2]ആ പട്ടണങ്ങളുടെ ഇന്നത്തെ സ്ഥാനം കണ്ടെത്തുക അസാധ്യമാണ്. [3]ഈ തത്വത്തോട് യോജിക്കുന്ന പല പ്രയോഗങ്ങൾ പുതിയ നിയമത്തിലുണ്ട്. ദൈവം അത് അവരെ [ജാതികൾ] വിട്ടുകളഞ്ഞു (റോമർ 1:24, 26, 28). (കെജെവിയിൽ കൂറച്ചുകൂടെ വിശദമായി പറയുന്ന വാക്കാണ് ''അവർ ദൈവത്തെ ഉപേക്ഷിച്ചതുകൊണ്ട്'' – ''ദൈവം അവരെ ഉപേക്ഷിച്ചു.'') പിന്മാറിപ്പോയവരിൽ ചിലർ തങ്ങളുടെ ഹൃദയം കഠിനപ്പെടുത്തിയതിനാൽ, അവരെ ''പിന്നെയും മാനസാന്തരത്തിലേക്കു വരുത്തുവാൻ പ്രയാസമാണ്'' (എബ്രായർ 6:6). ''മരണത്തിനായുള്ള പാപം'' ഉണ്ടെന്ന് ഒന്നു യോഹന്നാൻ 5:16 പറയുന്നു. [4]കഴിഞ്ഞ പാഠം നോക്കുക. [5]പട്ടണങ്ങൾ തമ്മിൽ എത്ര ദൂരമാണുള്ളത് എന്നതിനെ കുറിച്ച് അധികാരികൾക്കിടയിൽ ഭിന്നമായ അഭിപ്രായങ്ങളാണുള്ളത്. [6]സംഖ്യാപുസ്തകം 36:1–9; 27:1–11. [7]രാജാക്കന്മാർ 22:39; കൂടാതെ സങ്കീർത്തനങ്ങൾ 45:8; ആമോസ് 3:15. [8]ആമോസ് 6:4. [9]ആനക്കൊമ്പ് നിറത്തിലുള്ള, വെള്ള മാർബിൾ ആയിരിക്കാം. [10]കെജെവിയിൽ ''ബിലെയാലിന്റെ മക്കൾ'' എന്നാണ്, അത് അക്ഷരികമായി അർത്ഥമാക്കുന്നത് ''വിലയില്ലാത്തവയുടെ മക്കൾ'' എന്നാണ്, ആകയാൽ എൻഏഎസ്ബിയിലും മറ്റു തർജിമകളിലും അതാണുള്ളത്.

[11]വാക്യം 19 നോക്കുക. [12]അത് ദൈവനിയമം ആയിരുന്നില്ല, പൂർവ്വദിക്കിലെ പുരാതനമായ ആചാരമായിരുന്നു. [13]ക്ലൈഡ് എം. മില്ലർ, *ലിവിങ് വേഡ് കമെന്ററി ഓൺ ഫസ്റ്റ് ആന്റ് സെക്കന്റ് കിങ്സ്* (അബിലിൻ, ടെക്സ്.: ഏസിയു പ്രസ്, 1991), 298. [14]സഭാപ്രസംഗി 8:11.

---

## പാഠത്തിന്റെ ബാഹ്യരൂപരേഖ

മുഖവുര

ഏ. ദൈവത്തിന്റെ കരുണയെയും സ്നേഹത്തെയും കുറിച്ചുള്ള പാഠം നമുക്ക് ഇഷ്ടമാണ്, എന്നാൽ ദൈവത്തിന്റെ നീതിയെയും വിശുദ്ധിയെയും കൂടെ പ്രസംഗിക്കാതെ ദൈവത്തിന്റെ ആലോചന മുഴുവനാകുന്നില്ല (പ്രവൃത്തികൾ 20:27) – പാപത്തെ ഇഷ്ടപ്പെടാത്ത ദൈവത്തിന്റെ മറുവശം. അത്തരം കാര്യങ്ങൾ വെളിപ്പെടുത്തുന്നതാണ് ഏലിയാവിനെ കുറിച്ചുള്ള നമ്മുടെ പരമ്പര.

ബി. 1 രാജാക്കന്മാർ 21 ലേക്ക് കടക്കുന്നതിനുമുൻപ് നമുക്ക് നാം നോക്കിക്കൊണ്ടിരിക്കുന്ന തത്വം സ്ഥാപിക്കേണ്ടതായിട്ടുണ്ട്.

1. പഴയനിയമ വേദഭാഗങ്ങൾ: സദൃശവാക്യങ്ങൾ 29:1; 6:12, 15.
2. ചിത്രീകരണങ്ങൾ:

ഏ. സോദോമും ഗൊമോറയും (ഉൽപത്തി 19)

ബി. യിസ്രായേൽ, യെഹൂദാ രാജ്യങ്ങൾ (2 ദിനവൃത്താന്തം 36)

സി. ബെൽശ്ശസർ (ദാനിയേൽ 5)

ഡി. ഹെരോദ് അഗ്രിപ്പാ (പ്രവൃത്തികൾ 12; വാക്യം 23 നോക്കുക)

3. പുതിയനിയമ പ്രയോഗങ്ങൾ (റോമർ 1; എബ്രായർ 6; 1 യോഹ ന്നാൻ 5)

സി. ആഹാബിന്റേയും ഈസെബേലിന്റേയും ദുഷ്ടത നാം കണ്ടു. ഇനി ബൈബിളിൽ വെച്ച് ഏറ്റവും നികൃഷ്ടമായ പ്രവൃത്തി നാം കാണും, ദൈവം പറയുന്നു, ''അതു മതി!''

I. നാബോത്തിനെതിരായ പാപം (21:1–16)

എ. ''അതിന്റെ ശേഷം സംഭവിച്ചത്'' (വാക്യം 1):

1. ഏലിയാവ് കാഴ്ച്ചക്കു മറഞ്ഞ ശേഷം
2. ആഹാബും ഈസെബേലും തങ്ങളുടെ സാധാരണ പ്രവൃ ത്തിക ളിലേക്കു മടങ്ങിവന്ന ശേഷം

ബി. ആഹാബ് ഒരു തോട്ടം ആഗ്രഹിച്ചു, എന്നാൽ നാബോത്ത് അതു വിൽക്കുവാനോ പകരം എടുക്കുവാനോ തയ്യാറായില്ല.

1. വാക്യം 1: തലസ്ഥാന നഗരമായ ശമര്യ യിസ്രേയേലിൽനി ന്നു മുപ്പത്തി-യഞ്ചു നാൽപതു മൈൽ തെക്കു മാറി സ്ഥിതി ചെയ് തിരുന്നു.
2. വാക്യം 2: ആഹാബ് നാബോത്തിന്റെ തോട്ടം ആഗ്രഹിച്ചു, എന്നാൽ യിസ്രായേൽ മക്കൾ ആ ദേശത്തു വന്നപ്പോൾ, ദൈവം ഓരോ ഗോത്ര കുടുംബങ്ങൾക്കായി അവകാശമാ ക്കുവാൻ ഭാഗിച്ചു കൊടു ത്തത് അതാതു കുടംബങ്ങളിൽ തന്നെ*നിലനിൽക്കണ*മായിരുന്നു (ലേവ്യാപുസ്തകം 25).
3. വാക്യം 3: ബാലിന്നു മുട്ടു മടക്കാതിരുന്ന ഏഴായിരം പേരിൽ ഒരാളായിരുന്നു നാബോത്ത്.
4. വാക്യം 4: തനിക്ക് തോട്ടം സ്വന്തമാക്കുവാൻ കഴിയാതിരുന്ന തിനാലാണ് ആഹാബ് വ്യസനിച്ചത്.
5. വാക്യം 5: പ്രശ്നം അറിയുവാൻ ഈസെബേൽ വന്നു.
6. വാക്യം 6: തന്റെ ''ദുഃഖ സംഭവം'' ഈസെബേലിനോട് പ റഞ്ഞു.
7. വാക്യം 7: ഈസെബേൽ തന്റെ ഭർത്താവിനെ ആശ്വസിപ്പിച്ചു പറഞ്ഞു, ''ഞാൻ അതു പരിഹരിക്കാം.''

സി. ആ നിലം ലഭിക്കുവാനായി, അവർ ദൈവനിയമങ്ങളെ ലംഘിക്കുന്ന പദ്ധതി ആവിഷ്ക്കരിച്ചു.

1. വാക്യം 9:

ഏ. ഉപവാസം പ്രഖ്യാപിച്ചു. നിയമം 1: ദൈവകോപം ശമി പ്പിക്കുവാനാണ് ഉപവാസം പ്രഖ്യാപിക്കേണ്ടത്.

ബി. നാബോത്തിന് ''ജനങ്ങൾക്കിടയിൽ'' പ്രധാന സ്ഥാനം നൽകി നിയമം 2: ഉപവാസത്തിൽ എല്ലാവരും ഉൾപ്പെട്ടിരിക്കണം.

2. വാക്യം 10:
    ഏ. ഒരു വിലയുമില്ലാത്ത ആളുകൾക്ക് കൈക്കൂലി കൊടുത്തു വ്യാജം പറയിച്ചു. നിയമം 3: രണ്ടോ മൂന്നോ സാക്ഷികൾ വേണം.
    ബി. അവർ നാബോത്തിൽ ദൂഷണ കുററം ചുമത്തി. നിയമം 4: ദൂഷണത്തിനു മരണശിക്ഷയായിരുന്നു. നിയമം 5: കല്ലെറിഞ്ഞു കൊല്ലുന്നതായിരുന്നു ശിക്ഷ.

ഡി. നാബോത്തിനെ കൊന്നു, ആഹാബിനും ഈസെബേലിനും സന്തോഷമായി.
1. നാബോത്ത് കൊല്ലപ്പെട്ടു (കൂടെ അവന്റെ അവകാശികളും; 2 രാജാക്കന്മാർ 9:26).
2. വാക്യം 14: വിവരം ഈസെബേലിനെ അറിയിച്ചു.
3. വാക്യം 15: അവൾ ആഹാബിനോട് പറഞ്ഞു.
4. വാക്യം 16: ആഹാബിനു വീണ്ടും സന്തോഷമുണ്ടായി.

II. ദൈവത്തിന്റെ ക്ഷമ നശിക്കുന്നു (21:17–24, 27–29; 22:38; 2 രാജാക്കന്മാർ 9:21–36).

എ. ഏലിയാവ് ദൈവത്തിന്റെ സന്ദേശം അറിയിച്ചു.
1. വാക്യം 17–19: ഏലിയാവിനു വീണ്ടും ദൈവത്തിന്റെ അരുളപ്പാടുണ്ടായി.
2. വാക്യം 20–24: ഏലിയാവ് ആഹാബിനെ കണ്ട് ദൈവത്തിന്റെ സന്ദേശം അറിയിച്ചു.
    ഏ. നാബോത്തിന്റെ രക്തം നായ്ക്കൾ നക്കിയ സ്ഥാനത്ത് ആഹാബിന്റെ രക്തം നക്കും (വാക്യം 19 നോക്കുക).
    ബി. യിസ്രേയേലിൽ വെച്ച് ഈസെബേലിന്റെ മാംസം നായ്ക്കൾ തിന്നും (വാക്യം 23).
    സി. സന്നിഹിതരായവരിൽ, യേഹുവും ഉൾപ്പെട്ടിരുന്നു (2 രാജാക്കന്മാർ 9:25). ആ രംഗവും സന്ദേശവും യേഹുവിന്റെ മനസിൽ ആഴമായി പതിഞ്ഞിരുന്നു.
3. വാക്യം 27–29: അതിശയം! ആഹാബ് ഭയപ്പെടുകയും താഴുകയും ചെയ്തു, അങ്ങനെ വധശിക്ഷ കുറച്ചു വർഷത്തേക്ക് നീട്ടിക്കിട്ടി.

ബി. നിർഭാഗ്യവശാൽ ആഹാബിന്റെ മാനസാന്തരം താൽ – കാലികമായിരുന്നു. ആഹാബിനു ഒന്നും സംഭവിച്ചില്ല, അവൻ വീണ്ടും പഴയ വഴിയിലേക്കു തിരിഞ്ഞു (സഭാപ്രസംഗി 8:11 നോക്കുക).

സി. ദൈവം ഭയപ്പെടുത്തിയ വാഗ്ദാനങ്ങൾ നിറവേറി.
1. ആഹാബ് (1 രാജാക്കന്മാർ 22)
    ഏ. ആഹാബ് വേഷം മാറി യുദ്ധത്തിനു പോയി. പേർ പറയാത്ത ഉന്നമില്ലാത്ത ഒരു മനുഷ്യന്റെ അമ്പ് ആഹാബിന്റെ നെഞ്ചിൽ തറച്ചു.
    ബി. വാക്യം 38: ദൈവ വാഗ്ദാനങ്ങളെല്ലാം സത്യമാണ്.

2. ഈസെബേൽ (2 രാജാക്കന്മാർ 9)
    - ഏ. ഇരുപതു വർഷം കടന്നുപോയി. ഏലിയാവിനു പകരം ഏലിശാ വന്നു. ആഹാബിന്റെ മകൻ യെഹോരാം അവനു പകരം രാജാവായി, ഈസെബേൽ അഭക്തയായ രാജ്ഞിയായിരുന്നു. അപ്പോൾ ആഹാബിന്റേയും ഈസെബേലിന്റേയും സംഭവം അവസാനിക്കുന്നു.
    - ബി. 2 രാജാക്കന്മാർ 9:21, 25, 26, 30–36 വായിക്കുക. എന്തൊരു ദുഃഖകരമായ സംഭവം!

ഉപസംഹാരം

- ഏ. നാം ഈ സംഭവത്തിൽനിന്നു പഠിക്കണമെന്നു ദൈവം ആഗ്രഹിക്കുന്നു:
    1. ദൈവത്തിന്റെ ക്ഷമക്ക് അവസാനം ഉണ്ട് – അത് എപ്പോഴാണെന്ന് ആർക്കും അറിയില്ല.
    2. ദൈവത്തിന്റെ വാഗ്ദാനങ്ങളെല്ലാം തീർച്ചയുള്ളതാണ് – ആർക്കും അതിനെ മാറ്റുവാൻ സാധ്യമല്ല.
    3. ദൈവത്തിന്റെ പ്രഖ്യാപനങ്ങളിലെല്ലാം അവന്റെ കരുണയും ഉൾപ്പെട്ടിരിക്കുന്നു. ആരും അതിനെ ത്യജിക്കരുത്.
- ബി. ദൈവം കരുണ*യും* നീതിയും ഉള്ളവനാണെന്ന കാര്യം നാം മറക്കരുത്.